പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1863 05.02.2019 ൽ മറുപടിയ്ക്ക്

ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വാഹനങ്ങളിലെ ബോർഡ്

| ചോദ്യം<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള മോട്ടോർ വാഹന നിയമത്തിൽ ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (SCTCE)ന് മാത്രം അതിന്റെ ഉടമസ്ഥതയിലുള്ള വാഹന ങ്ങളിൽ ചുവപ്പ് നിറത്തിലുള്ള ബോർഡിൽ വെള്ള നിറത്തിലുള്ള ലിപികളിൽ സ്ഥാപന ത്തിന്റെ പേരിന് പുറമേ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്നും രേഖപ്പെടുത്തുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ടോ ; | (എ) | കേരള മോട്ടോർ വാഹന ചട്ടപ്രകാരം ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (SCTCE) -ന് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്ന പേര് വാഹനത്തിൽ പ്രദർശിപ്പിക്കാൻ അനുമതി നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ മറ്റ് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ ഇളവനുവ ദിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള അപേക്ഷകളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇളവ് ഇല്ലെങ്കിൽ, അനുമതി ഇല്ലാതെ നിറവും വകുപ്പിന്റെ പേരും ദുരുപയോഗം ചെയ്ത് നിയമ ലംഘനം നടത്തുന്ന സ്ഥാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | അനുമതി ഇല്ലാതെ ഇത്തരം ബോർഡുകൾ പ്രദർശി പ്പിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന ചട്ടങ്ങളും, നിയമങ്ങളും അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ